




പോബ്സൺ ഗ്രൂപ്പിന്റെ എം. സാൻഡ് കമ്പനി സൃഷ്ടിച്ച ഭൂചലനങ്ങളെ തുടർന്ന് പ്രദേശവാസികൾക്കുണ്ടായ നഷ്ടം പരിഹരിക്കാൻ 5 ലക്ഷത്തോളം രൂപ നഷ്ടപരിഹാരമായി നൽകിയെങ്കിലും തുടർന്ന് കമ്പനി പ്രവർത്തിപ്പിയ്ക്കുന്നതിന് വഴിയൊരുക്കുക എന്ന ലക്ഷ്യം അവർ നേടിയെടുത്തു. സമരത്തിന്റെ മുൻ നിരയിൽ നിന്നും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ ഒളിഞ്ഞും തെളിഞ്ഞും പോബ്സൺ ഗ്രൂപ്പിന് സഹായമെത്തിയതോടെ സമരം ഒരു ഭാഗിക വിജയം മാത്രമായി തീർന്നു

## അയ്യമ്പുഴ – ചുളളി സമരം

# ഭാഗികവിജയം മാത്രം

**സവിശേഷമായ ഒരു ഭൂചലനം**

ചുളളി- താണിക്കോട് മുടിയിലെ എം.സാൻഡ് കമ്പനി പ്രവർത്തനം തുടങ്ങുമ്പോൾ ജനങ്ങൾക്ക് വിശേഷിച്ചൊന്നും തോന്നിയിരുന്നില്ല. നൂറുകണക്കിന് പാറമടകൾ ഇടതടവില്ലാതെ സ്ഫോടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന അയ്യമ്പുഴ- മലയാറ്റൂർ മേഖലയിൽ പുതിയൊരു പെട്ടിക്കട കൂടി വന്നൊരു പ്രതീതി മാത്രമായിരുന്നു. ഉൽഘാടനത്തിനെത്തിയത് പക്ഷെ അന്നത്തെ മുഖ്യമന്ത്രി സാക്ഷാൽ ഉമ്മൻ ചാണ്ടി തന്നെയായിരുന്നു. ഒരു കാലത്ത് സംസ്ഥാന വകുപ്പിന്റെ റിസർവ് ഫോറസ്റ്റിന്റെ ഭാഗമായിരുന്ന മലയോരത്തെ ഇടനാടൻകുന്നിന്റെ മുകളിൽ 100 ഏക്കറോളം സ്ഥലമാണ് നിർമ്മിത മണൽ സംരംഭത്തിനായി പോബ്സ് ഗ്രാനൈററ് വിലയ്ക്ക് വാങ്ങിയത്. സ്വകാര്യ ഭൂമിയുടെ പടിവാതിൽക്കൽവരെ സർക്കാർ ചിലവിൽ ഒന്നാന്തരമൊരുറോഡും നിർമ്മിക്കപ്പെട്ടു. അങ്കമാലിയിൽ നിന്നും പലവഴിക്കും അങ്ങോട്ടുള്ള പൊതുനിരത്തുകൾ യുദ്ധക്കാലടിസ്ഥാനത്തിൽ ടാറിംഗ് നടന്നപ്പോഴും ബഹുജനം സന്തോഷത്തിലായിരുന്നു. പോബ്സ് ഗ്രാനൈറ്റസിന്റെ 20 ടൺ ട്രക്കുകൾ നിരത്തുകൾ ഞെരിച്ച് തിമർത്താടിയപ്പോൾ അത് നാടിന്റെ വികസന സൂചകമായി. പെരിയാറിലെ അനധികൃത മണൽവാരലിനെതിരെ പോലീസ് പതിവില്ലാതെ സജീവമായപ്പോൾ അതിനുപിന്നിൽ പോബ്സന്റെ കരങ്ങളുണ്ടെന്ന് ആരും കരുതിയിരുന്നില്ല. പ്രാദേശിക വൈദ്യുത വിതരണശൃഖലയിലെ പ്രത്യാഘാതങ്ങൾ വിലയിരുത്താതെ പുതിയൊരു 11 കെ.വി. ലൈനിന്റെ നിർമ്മാണവും ദ്രുതഗതിയിൽ പുരോഗമിച്ചു.

കാര്യങ്ങൾ തകിടം മറിഞ്ഞത് 2005 മെയ് അഞ്ചിനുണ്ടായ ഭൂചലനത്തോടെയാണ്. പകൽ ഒരു മണിയോടെ സംഭവിച്ച ഭൂചലനം പീച്ചിയിലെ ഭൂകമ്പമാപിനിയിൽ 4.5 രേഖപ്പെടുത്തിയതായിരുന്നു. ഭയചകിതരായി വീട്ടിലേക്കോടിയവർ ഇത് പാറമടയിലെ സ്ഫോടനഫലമാണെന്ന് അറിഞ്ഞിരുന്നില്ല. താണിക്കോട് മുടിയുടെ പരിസരപ്രദേശത്തെ 200 ഓളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. പല വീടുകളുടെയും കോൺക്രീറ്റ് ഭിത്തിയും അസ്ഥിവാരവുമെല്ലാം വിള്ളൽ വീണു. പാറ തുരന്നുണ്ടാക്കിയ അഗാധമായ കിണറുകളിൽ പലതിലും പൊടുന്നനെ വെള്ളം അപ്രത്യക്ഷമായി. ഫാക്ടറിയിൽ നിന്നും 5 കിലോമീറ്റർ വരെ ദൂരത്തിൽ ശക്തമായ ഭൂചലനം അനു




ഭവപ്പെട്ടതായി സ്ഥിരീകരിക്കപ്പെട്ടു.

കുഴൽ കിണർ കുഴിക്കുന്ന ഡ്രില്ലിംഗ് മെഷിൻ ഉപയോഗിച്ചുണ്ടാക്കിയ 25 ഓളം തമർകുഴികളിൽ ഓരോന്നിലും 40 കിലോ വീതം സ്ഫോടക വസ്തുക്കൾ നിറച്ച് ഒറ്റയടിക്ക് ഇലക്ട്രിക് ഡിറ്റ്നേറ്റർ വച്ച് പൊട്ടിക്കുകയാണുണ്ടായത്. നേവി ഉദ്യോഗസ്ഥരുടെ ഒത്താശയും ഇതിനുണ്ടായിരുന്നുവത്രേ. തുടർന്നുള്ള ഖനനം എളുപ്പമാക്കുകയായിരുന്നു ലക്ഷ്യം. കാര്യങ്ങൾ അറിഞ്ഞ ജനങ്ങൾ വൈകുന്നേരത്തോടെ തങ്ങൾക്ക് പ്രവേശനം നിഷിദ്ധമായിരുന്ന ഫാക്ടറി വളപ്പിലേക്ക് ഇരച്ചുകയറി. ആഴ്ചകൾക്ക് മുമ്പ് ഹരിതമൈത്രിയുടെ നേതൃത്വത്തിൽ ഫാക്ടറി സന്ദർശിച്ച് കാര്യങ്ങൾ പഠിക്കാനെത്തിയ പരിസ്ഥിതി പ്രവർത്തകരോട് ഉദാസീനമായി പ്രതികരിച്ച തദ്ദേശീയരിൽ പലരും പ്രതിഷേധരംഗത്ത് സജീവമായി. പരിസ്ഥിതി പ്രവർത്തകർ വീടുകൾ കയറി തെളിവെടുപ്പാരംഭിക്കുകയും കൂടിയാലോചന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തതോടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചിലത് ജനപക്ഷത്ത് അണിനിരന്നു. ഹരിതമൈത്രി, പരിസ്ഥിതി-സാംസ്കാരിക കൂട്ടായ്മ, എൻ. എ. പി. എം, ടി. യു. സി. ഐ. തുടങ്ങിയ സംഘടനകളും സമരത്തിൽ ഇടപ്പെട്ടു.

പ്രക്ഷോഭത്തിന്റെ ഫലമായി ഡോ. സതീഷ് ചന്ദ്രൻ, ഡോ. അജയ്കുമാർവർമ്മ(സെസ്), ഡോ. സതീശൻ തമ്പുരാൻ (മലിനീകരണ നിയന്ത്രണ ബോർഡ്)തുടങ്ങിയവരടങ്ങിയ വിദഗ്ധ സമിതിയെ സർക്കാർ അന്വേഷണത്തിനായ് നിയോഗിച്ചു സമിതിയുടെ ശുപാർശപ്രകാരവും റവന്യൂ അധികൃതരുടെ അന്വേഷണ റിപ്പോർട്ട് പ്രകാരവും 150 ഓളം വരുന്ന പരിസരവാസികൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കമ്പനി നിർബന്ധിതയായി. ആദ്യഘട്ടത്തിൽ 5 ലക്ഷത്തോളം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു. ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് പിന്നീട് ഔദ്യോഗികമായും അനൗദ്യോഗികമായും പലർക്കും കൂടുതൽ നഷ്ടപരിഹാരം വിതരണം ചെയ്യേണ്ടതായി വന്നു.

എന്നാൽ നഷ്ടപരിഹാരം നൽകിയതിലൂടെ തുടർന്നും കമ്പനി പ്രവർത്തിപ്പിയ്ക്കുന്നതിന് വഴിയൊരുക്കുക എന്ന ലക്ഷ്യം കമ്പനി നേടിയെടുത്തു. സമരത്തിന്റെ മുൻനിരയിൽ നിന്നും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഒളിഞ്ഞും തെളിഞ്ഞും പോബ്സൺ ഗ്രൂപ്പിനെ സഹായിക്കാനെത്തി. വിദഗ്ധസമിതി നിർദ്ദേശിച്ച പല സുരക്ഷാക്രമീകരണങ്ങളും തുടക്കത്തിൽ നടപ്പാക്കിയെങ്കിലും പിന്നീട് പടിപടിയായ് അതെല്ലാം അവഗണിക്കപ്പെട്ടു. കമ്പനി പ്രവർത്തനത്തിനായി പഞ്ചായത്തതിർത്തിയിൽനിന്നും ശുദ്ധജലം എടുത്തുകൂടെന്ന നിബന്ധനയും ലംഘിക്കപ്പെട്ടു.

പോബ്സൺ കമ്പനിക്കെതിരായ സമരം ഭാഗീകവിജയം നേടിയെങ്കിലും പിന്നീട് കണ്ടത് കൂടുതൽ കമ്പനികൾ അവിടെ എം. സാൻഡ് ഫാക്ടറികൾ സ്ഥാപിക്കുന്നതാണ്. പൊടിയും ശബ്ദമലിനീകരണവും ഒട്ടുമില്ലാത്തതാണ് സോമ എന്ന കമ്പനിയുടെ അവകാശവാദം. സ്റ്റാർ ഗ്രൂപ്പിന്റെ ഫാക്ടറി ആൾപ്പാർപ്പില്ലാത്ത ഒരു മലഞ്ചെരിവിലായതിനാൽ ജനങ്ങളുടെ എതിർപ്പും കുറവാണ്. 10 കിലോമീറ്റർ ചുറ്റളവിൽ 100- ൽപ്പരം ചെറുതും വലുതുമായ കരിങ്കൽ ക്വാറികളാണ് അയ്യമ്പുഴയിലുള്ളത്. പാതാളത്തോളം താഴ്ന്ന ഈ പാറമടകൾ സൃഷ്ടിക്കുന്ന ഭൗമാഘാതം ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിനുപകരം അതിവേഗ വികസന താൽപര്യങ്ങളുടെ പേരിൽ വരാനിരിക്കുന്ന ഒരു വൻദുരന്തത്തിന്റെ നേരെ കണ്ണടച്ച് ധ്യാനനിർവൃതിയിൽ ആണ്ടിരിക്കുകയാണ് സർക്കാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും. ബുൾഡോസറുകൾ ഉരുട്ടിവരുന്ന വികസനത്തോട് ജനങ്ങളും പൊരുത്തപ്പെട്ടതോടെ പരിസ്ഥിതി പ്രവർത്തകരുടെ ദീനവിലാപങ്ങൾ മാത്രം വല്ലപ്പോഴും കേൾക്കുന്ന നിലയിലായി. അതുമല്ലെങ്കിൽ പുതിയ പാറമടകൾ വരുന്നതിനെതിരെ പ്രവർത്തനം തുടങ്ങിയവരുടെ ഉടമസ്ഥർ സ്പോൺസർ ചെയ്ത് സംഘടിപ്പിക്കുന്ന സമരാഭാസങ്ങൾ. ജനതയുടെ സുരക്ഷിതമായ ഭാവിയെ കരുതുന്ന ഒരു വികസന കാഴ്ചപ്പാടിന്റെ അഭാവത്തിൽ ഇത്തരം സമരങ്ങൾ പൂർണ്ണ വിജയത്തിലെത്തുന്നത് അസാധ്യമായിരിക്കും. ഇലഞ്ഞി കൂരുമലയിൽ ജനങ്ങളുടെ വൻപ്രതിഷേധത്തെയും ഗ്രാമപഞ്ചായത്തിന്റെ വിലക്കിനേയും മറികടന്ന് കൂറ്റൻ പാറമണൽ ഫാക്ടറിക്ക് അനുമതി നൽകിയ ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയും വിധികൾ സൂചിപ്പിക്കുന്നത് ആഗോളവികസന അജണ്ടകൾ നടപ്പിലാക്കാൻ കോടതികളും പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നുവെന്നാണ്.

ബന്ധങ്ങൾക്ക്: 9447019546

## സൈക്കിൾ പ്രചരണ യാത്ര

എല്ലാ വർഷവും ജനുവരിയിലെ രണ്ടാമത്തെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ തിരൂർ തുഞ്ചൻപറമ്പിൽ നിന്നും ചേറ്റുവ, കൊടുങ്ങല്ലൂർ വഴി തൃശൂരിൽ അവസാനിക്കുന്ന സൈക്കിൾ പ്രചരണ യാത്ര 2011 ജനുവരി 8,9,10,11 തീയതികളിൽ നടത്തുന്നു.

ബന്ധങ്ങൾക്ക്:
ഡോ. രാധാകൃഷ്ണൻ-9495332735, പോൾ - 9447285053